കാത്‌ലാബുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

141 [2633] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാത്‌ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാത്‌ലാബുകളിൽ ഹൃദ്രോഗ പരിശോധനയുടെ ഭാഗമായി വൻ തോതിൽ റേഡിയേഷൻ ഉപയോഗിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ലാബുകളിൽ നിശ്ചിതയോഗ്യതയുള്ള റേഡിയോഗ്രാഫർമാർ തന്നെയാണോ ജോലി ചെയ്യുന്നതെന്ന് ഉറപ്പു വരുത്താൻ സംവിധാനമുണ്ടോ;

(ഡി) എക്സറേ, സി. ടി. സ്കാൻ യൂണിറ്റുകൾക്ക് ഡി.ആർ.എസ്. നൽകുന്ന അനുമതി പത്രം പ്രദർശിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(ഇ) ഈ ലാബുകളിൽ നിശ്ചിതയോഗ്യതയുള്ള റേഡിയോഗ്രാഫർമാർതന്നെയാണോ ജോലി ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ സംവിധാനമുണ്ടോ;

(എഫ്) കാത്‌ലാബ്, എക്സറേ, സിറ്റി സ്കാൻ യൂണിറ്റുകളിലെ റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിനും ഡി.ആർ.എസ്.-ന്റെ റേഡിയേഷൻ സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് സമ്പ്രദായം നിർബന്ധമാക്കാനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എച്ച്. ആർ.ഡബ്ല്യു. എസ്.-ന്റെ നിയന്ത്രണത്തിലും, ധനസഹായത്തിലും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാത്‌ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹൃദ്രോഗ പരിശോധനയുടെ ഭാഗമായി റേഡിയേഷൻ പരിമിതമായേ ഉപയോഗിക്കേണ്ടിവരാറുള്ളൂ.

(സി) യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് രൂപീകരിച്ചത്. 1998-നു മുൻപ് സ്ഥാപിച്ചതും റേഡിയേഷൻ സുരക്ഷാ നിയന്ത്രണം തീരെ പാലിക്കാത്ത എക്സറേ ക്ലിനിക്കുകളിലും സി.റ്റി.സ്കാനറുകളിലും സംസ്ഥാന വൈദ്യുതി ബോർഡിന്റെയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും സഹകരണത്താൽ റേഡിയേഷൻ സുരക്ഷാ നിയമങ്ങൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly